*'CORRUPTION, A CRIME AGAINST NATION'*

**വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,**
**തിരുവനന്തപുരം-695 033,**
**ഇ-മെയിൽ: vig.vacb@kerala.gov.in**
**ഫോൺ: 0471- 2305393**
**തീയതി: 29..12..2022**

# "കൈക്കൂലി വാങ്ങുന്നതിനിടെ ഓഫീസ് അറ്റൻഡന്റ് വിജിലൻസ് പിടിയിൽ"

മലപ്പുറം ജില്ലയിലെ, തിരൂർ സബ് രജിസ്ട്രാർ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ബാബുരാജ് 1,000/- രൂപ കൈക്കൂലി വാങ്ങവെ ഇന്ന് (29.12.2022) വിജിലൻസ് പിടിയിലായി.

.

മലപ്പുറം ജില്ലയിലെ, ചെറിയമുണ്ടം സ്വദേശിയായ ശ്രീ.ഗിരീഷ്കുമാർ അയാളുടെ തറവാട് വക സ്ഥലത്തിന്റെ ആധാരത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭിക്കുന്നതിനായി ഓൺലൈൻ ആയി ഫീസ് അടച്ചശേഷം പകർപ്പ് ലഭിക്കുന്നതിനായി ഇക്കഴിഞ്ഞ ദിവസം തിരൂർ സബ് രജിസ്ട്രാർ ഓഫീസിൽചെന്നപ്പോൾ, ഓഫീസ് അറ്റൻഡന്റ് ആയ ബാബുരാജ് ആധാരത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകുന്നതിന് 1,000/- രൂപ കൈക്കൂലി ആവശ്യപ്പെട്ടു. പരാതിക്കാരൻ ഈ വിവരം മലപ്പുറം, വിജിലൻസ് യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. ഫിറോസ്.എം.ഷഫീക്കിനെ അറിയിക്കുകയും അദ്ധേഹത്തിന്റെ നിർദ്ദേശാനുസരണം വിജിലൻസ് കെണി ഒരുക്കി ഇന്ന് (29.12.2022) രാവിലെ 11.15 മണിയോടെ തിരൂർ സബ് രജിസ്ട്രാർ ഓഫീസിൽവച്ച് ഓഫീസ് അറ്റൻഡന്റ് ആയ ബാബുരാജ്, പരാതിക്കാരനിൽ നിന്നും 1,000/-രൂപ കൈക്കൂലി വാങ്ങവെ വിജിലൻസ് സംഘം കയ്യോടെ പിടികൂടുകയാണുണ്ടായത്.

വിജിലൻസ് സംഘത്തിൽ മലപ്പുറം, വിജിലൻസ് യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. ഫിറോസ്.എം.ഷഫീക്കിനെ കൂടാതെ ഇൻസ്പെക്ടർമാരായ ജ്യോതീന്ദ്രകുമാർ, വിനോദ്, ജിമ്സ്റ്റെൽ സബ് ഇൻസ്പെക്ടർമാരായ സജി, ശ്രീനിവാസൻ, മോഹൻദാസ്, മോഹനകൃഷ്ണൻ, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർമാരായ സലിം, ഹനീഫ, എസ്.സി.പി.ഒ മാരായ ജിപ്സ്, വിജയകുമാർ, രാജീവ്, പ്രശോബ്, സി.പി.ഒ മാരായ സുബിൻ,ശ്യാമ, ഡ്രൈവർ (എ,എസ്.ഐ) ഷിഹാസ് എന്നിവർ ഉൾപ്പെട്ട സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. അറസ്റ്റ് ചെയ്ത പ്രതിയെ ഇന്ന് (29.12.2022) കോഴിക്കോട് വിജിലൻസ് കോടതി മുമ്പാകെ ഹാജരാക്കും.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം, ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.